പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4093 — 21.07.2015-ലെ മറുപടിക്ക്

## മിൽക്ക് ഷെഡ് വികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ആർ.സെൽവരാജ് | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | മിൽക്ക് ഷെഡ് വികസന പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ടോയെന്ന വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് കുറഞ്ഞുവരുന്ന കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിലൂടെ പാൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 2005-06 മുതൽ മിൽക്ക് ഷെഡ് വികസന പദ്ധതിയ്ക്ക് രൂപം നല്കി നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ; | (ബി) | ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത, ക്ഷീരോല്പാദന മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും, സംരംഭകരേയും സ്വയം-സഹായ സംഘങ്ങളെയും ആകർഷിക്കുക, ഉല്പാദനക്ഷമത കൂടിയ കറവപ്പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ പാൽ ഉല്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ |
| (സി) | ഈ പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന വിശദമാക്കാമോ; | (സി) | മൃഗസംരക്ഷണ വകുപ്പ്, വിവിധ ബാങ്കുകൾ/ ധനകാര്യസ്ഥാപനങ്ങൾ, ക്ഷീരസഹകരണ സംഘങ്ങൾ തുടങ്ങിയവർ ഈ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?. | (ഡി) | ടി പദ്ധതി നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചുകിട്ടുന്ന തുകയ്ക്ക് ആവശ്യമായ വിശദമായ പ്രോജക്ട് രൂപരേഖയ്ക്ക് ഭരണാനുമതി നല്കുകയും, ആയതനുസരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ, അപേക്ഷാഫോറങ്ങൾ എന്നിവ തയ്യാറാക്കി ജില്ലാതല/ ബ്ലോക്കുതല ഓഫീസുകൾക്ക് ക്ഷീരവികസന വകുപ്പ് നല്കിവരുകയും ചെയ്യുന്നു. മാർഗ്ഗനിർദ്ദേശ പ്രകാരം ജില്ലാതല/ബ്ലോക്കുതല ഉദ്യോഗസ്ഥർ ടി പദ്ധതിയുടെ വിശദവിവരങ്ങൾ പത്ര/ |

റേഡിയോ മാധ്യമങ്ങളിലൂടെ നല്കുകയും, അപേക്ഷകൾ ക്ഷണിക്കുകയും അപേക്ഷകരിൽ നിന്ന് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ